(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വാണിജ്യ നികുതിയിനത്തിൽ ആകെ പിരിഞ്ഞുകിട്ടിയ തുക എത്രയെന്നും അതിൽ മുൻ കുടിശ്ശിക, കഴിഞ്ഞ വർഷത്തേത് ഇവ എത്രയാണെന്നും തരംതിരിച്ച് വെളിപ്പെടുത്തുമോ;

(സി) 2003-04 സാമ്പത്തിക വർഷത്തെ വാണിജ്യ നികുതിയിനത്തിൽ 10 ലക്ഷത്തിനുമേൽ തുക സർക്കാരിന് അടയ്ക്കാൻ കുടിശ്ശികയുള്ള സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരുവിവരം ലഭ്യമാക്കുമോ;

(ഡി) നാളിതുവരെ വാണിജ്യ നികുതി കുടിശ്ശിക 50 ലക്ഷത്തിലേറെയുള്ളവരുടെ വിവരവും കുടിശ്ശിക തുകയും വെളിപ്പെടുത്തുമോ;

(ഇ) കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) 2003-04 സാമ്പത്തിക വർഷത്തിൽ വാണിജ്യ നികുതിയിനത്തിൽ 6,200 കോടി രൂപയാണ് വരുമാനമായി പ്രതീക്ഷിച്ചിരുന്നത്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം വാണിജ്യ നികുതിയിനത്തിൽ ആകെ പിരിഞ്ഞുകിട്ടിയത് 6,081.13 കോടി രൂപയാണ്. ഇതിൽ മുൻ കുടിശ്ശിക, കഴിഞ്ഞ വർഷത്തെ തുക ഇവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

മുൻ കുടിശ്ശിക	. .	71.61 കോടി രൂപ
കഴിഞ്ഞ വർഷത്തെ തുക	. .	6,009.52 കോടി രൂപ
ആകെ	. .	6,081.13 കോടി രൂപ

(സി ആന്റ് ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഇ) വിൽപ്പന നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ കർശനമായ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നികുതി കുടിശ്ശിക പിരിച്ചെടുക്കുവാൻ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. വിൽപ്പന നികുതി ചട്ടം 45, 46 എന്നീ വകുപ്പുകൾപ്രകാരം കുടിശ്ശിക വരുത്തുന്ന വ്യാപാരികൾക്കെതിരെ അടയ്ക്കേണ്ട തുകയുടെ ഇരട്ടിവരെ പിഴ ചുമത്താനും പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാനുമുള്ള വ്യസ്ഥകൾ ആവശ്യമുള്ള സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നുണ്ട്.

വിദേശമദ്യ വിൽപ്പനയിനത്തിലെ നികുതി വരുമാനം

29 [341] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-04 വർഷം വിദേശമദ്യ വിൽപ്പനയിനത്തിൽ സംസ്ഥാന സർക്കാരിന് വിവിധയിനം നികുതിയിനത്തിൽ ഓരോ മാസവും ലഭിച്ച വരുമാനം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതേ കാലയളവിൽ ഓരോ മാസവും ബിവറേജസ് കോർപ്പറേഷൻ മുഖേനയുള്ള മദ്യവിൽപ്പനയിലൂടെ വിവിധ ഇനങ്ങളിലായി സർക്കാരിന് ലഭിച്ച നികുതിയുടെ വിവരം കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ)	2003	ഏപ്രിൽ	. .	1,80,10,18,501
	2003	മേയ്	. .	1,33,99,09,421
	2003	ജൂൺ	. .	1,07,84,17,191
	2003	ജൂലായ്	. .	1,25,63,05,130
	2003	ആഗസ്റ്റ്	. .	1,38,10,39,164
	2003	സെപ്റ്റംബർ	. .	1,25,08,48,985
	2003	ഒക്ടോബർ	. .	1,23,40,27,904
	2003	നവംബർ	. .	1,13,72,00,108
	2003	ഡിസംബർ	. .	1,38,24,36,186
	2004	ജനുവരി	. .	1,31,78,07,124
	2004	ഫെബ്രുവരി	. .	1,29,00,43,564
	2004	മാർച്ച്	. .	2,55,82,75,396

(ബി) അനുബന്ധം † ആയി ചേർത്തിട്ടുണ്ട്.

സർക്കാരിന്റെ നികുതി-നികുതിയേതര വരുമാനം

30 [342] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-01 മുതൽ 2003-04 വരെ വിൽപ്പന നികുതി ഒഴികെ സർക്കാരിന്റെ നികുതി വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ നികുതിയേതര വരുമാനം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)		രൂപ കോടിയിൽ
2000-01	. .	3,111.54
2001-02	. .	3,090.83
2002-03	. .	3,674.61
2003-04*	. .	4,107.67

*(താൽക്കാലിക കണക്കുകൾ)

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly